*" ഭരണഭാഷ-മാതൃഭാഷ"*

# തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
## നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം കോട്ടയം – വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് നിർമ്മാണം – സ്ഥലത്തിൻറെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ -ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. ശ്രീ. അബ്രഹാം തോമസ് –ന്റെ 23.09.2021, 08.12.2021, 19.02.2022 –എന്നീ തീയതികളിലെ അപേക്ഷ.

2. ഈ കാര്യാലയത്തിലെ 23.10.2021, 24.12.2021 എന്നീ തീയതികളിലെ

യഥാക്രമം

TCPKTM/482/2021–C, TCPKTM/637/2021–C എന്നീ നമ്പർ കത്തുകൾ.

---

ഉത്തരവ് നമ്പർ : **TCPKTM/149/2022–C** തീയതി : **02/03/2022**

---

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിൽ, വാഴപ്പള്ളി വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 4 ൽ റീസർവേ നമ്പർ 175/7 ൽ പെട്ട 1580 $m^2$ സ്ഥലത്ത് 46.56 $m^2$ വിസ്തീർണ്ണമുള്ള sales building, 12.02 $m^2$ വിസ്തീർണ്ണമുള്ള toilet block, 240 $m^2$ വിസ്തീർണ്ണമുള്ള canopy എന്നിവ ഉൾപ്പെടുന്ന, ഗ്രൂപ്പ് I (Hazardous) ഒക്കുപെൻസി വിഭാഗത്തിൽ പെടുന്ന ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടിയാണ് ശ്രീ. അബ്രഹാം തോമസ്, കിഴക്കേതയ്യിൽ ഹൗസ്, തുരുത്തി. P.O, Pin–686 535 അപേക്ഷിച്ചിരിക്കുന്നത്. പ്രസ്തുത യൂണിറ്റിൽ ഉപയോഗിക്കുന്ന ആകെ Power 3 HP ഉം തൊഴിലാളികളുടെ എണ്ണം 7 ഉം ആകുന്നു. **കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR 2019), ചട്ടം 5 (6), ചട്ടം 30** എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി നിർദിഷ്ട നിർമ്മാണങ്ങൾക്ക് സ്ഥലത്തിൻറെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ -ഔട്ടിനും **അംഗീകാരം നല്കി ഉത്തരവാകുന്നു.**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ–2019 (KPBR–2019) ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഓ.സി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.
2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR–2019), ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന സർവ്വേ നമ്പറുകൾ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ ഉടമസ്ഥാവകാശം, നിർമ്മാണ അവകാശം തുടങ്ങിയവയും നിർദ്ദിഷ്ട നിർമ്മാണ

സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ഉറപ്പ വരുത്തണം.

3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരളാ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.
4. കട്ടിങ് ആൻഡ് ഫില്ലിംഗ് പ്രവൃത്തികൾക്ക്, ആവശ്യമെങ്കിൽ, ബന്ധപ്പെട്ട വകുപ്പിൽ നിന്ന് അനുമതി നേടിയിരിക്കണം.
5. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019), ചട്ടങ്ങൾ പ്രകാരം ആവശ്യമായ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ല എന്നും ഉറപ്പാക്കണം.
6. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019) ചട്ടം 42(3) പൂർണ്ണമായും പാലിച്ചുകൊണ്ട് Differently-abled, Elderly and Children ന് ആവശ്യമായ ramp നൽകണം.
7. KMBR-2019, ചട്ടം 76(3) പാലിച്ചുകൊണ്ട് Urban Forestry നൽകേണ്ടതാണ്.
8. നിർദ്ദിഷ്ട നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR 2019) നും അനുബന്ധ ഭേദഗതികൾക്കും, നിർദിഷ്ട പ്ലോട്ടിന് ബാധകമായ ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല . കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ . കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 10/2022/KTM)

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. **ശ്രീ. അബ്രഹാം തോമസ്, കിഴക്കേതയ്യിൽ ഹൗസ്, തുരുത്തി പി. ഒ, ചങ്ങനാശ്ശേരി**
2. കരുതൽ ഫയൽ 3. അധികം -1

S2032022